2514
12/9/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-പ്രകൃതി ക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച പുതിയ സാമ്പത്തിക സഹായ പദ്ധതിയുടെ കീഴിലുള്ള ഗാർഹിക വായ്പാ പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ)വകുപ്പ്

**സ.ഉ.(കൈ) 326/2018/റവ.** **തിരുവനന്തപുരം,** തീയതി-07/09/2018

---

## ഉത്തരവ്

കേരളം ഇന്നേവരെ കണ്ടതിൽ വച്ച് ഏറ്റവും രൂക്ഷമായ പ്രകൃതി ക്ഷോഭത്താൽ നാടിനു പൊതുവായി നേരിട്ടിട്ടുള്ള നഷ്ടത്തിനൊപ്പം ദുരന്തത്തിന്റെ ആഘാതത്തിൽ കഷ്ടപ്പെട്ടു നിൽക്കുന്നവരെ ചേർത്തു പിടിക്കാനും ആശ്വസിപ്പിക്കാനും തങ്ങളുടെ ജീവിതവും ജീവനോപാധികളും തിരിച്ചു പിടിക്കുന്നതിനുള്ള കൈത്താങ്ങ് നല്കുക എന്ന ലക്ഷ്യം മുൻനിർത്തി RKLS (Resurgent Kerala Loan Scheme) എന്നൊരു പുതിയ സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

പ്രസ്തുത പദ്ധതി പ്രകാരം, പ്രളയക്കെടുതിയെത്തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പുവരുത്തിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങാനും ഉപജീവനോപാധികൾക്കും മറ്റു കാര്യങ്ങൾക്കുമായി കുടുംബനാഥയ്ക്ക് 1,00,000/- രൂപാവരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ പ്രഖ്യാപിച്ച ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനസഹായമായ 10000/- രൂപയ്ക്ക് അർഹരായ പ്രകൃതിക്ഷോഭബാധിത പ്രദേശങ്ങളിലെ നിവാസികൾക്കാണ് ഈ പദ്ധതിയുടെ സഹായം ലഭിക്കുക.

2. അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് കുടുംബശ്രീ സംഘടനാസംവിധാനം വഴിയാണ് ഈ വായ്പ ലഭ്യമാകുക. മുകളിൽ പറഞ്ഞ മാനദണ്ഡ പ്രകാരം അർഹരായിട്ടുള്ള കുടുംബശ്രീ അംഗങ്ങളല്ലാത്തവർക്ക് വായ്പ ആവശ്യമെങ്കിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗത്വം നൽകി വായ്പ ലഭിക്കുന്നതിനുള്ള നടപടി കുടുംബശ്രീ സ്വീകരിക്കേണ്ടതാണ്. അർഹരായവരുടെ ലിസ്റ്റ് ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിൽ നിന്നും ശേഖരിച്ച് കുടുംബശ്രീ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വായ്പ തിരിച്ചടവ് കാലാവധി 36-48 മാസങ്ങളായി നിജപ്പെടുത്താവുന്നതാണ്. വായ്പ തിരിച്ചടവിന് ചുരുങ്ങിയത് 6 മാസത്തെ മോറട്ടോറിയം ബാങ്ക് ഏർപ്പെടുത്തേണ്ടതാണ്.

4. വായ്പയുടെ പലിശ ( 9% ) കുടുംബശ്രീ കണക്കാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ മുഖേന സർക്കാർ അനുവദിക്കുന്നതാണ്.

5. വായ്പാതിരിച്ചടവ് ഗഡുക്കൾ കുറഞ്ഞ തുകയിൽ നിന്ന് കൂടി വരുന്ന രീതിയിലേക്ക് (Step up) ക്രമപ്പെടുത്തേണ്ടതാണ്.

6. കാലതാമസം കൂടാതെ അർഹരായ അംഗങ്ങളുടെ വായ്പ അപേക്ഷകൾ ബാങ്കുകളിലെത്തിക്കാൻ കുടുംബശ്രീ നടപടി സ്വീകരിക്കേണ്ടതാണ്. ബാങ്കുകളിൽ നിന്ന് വായ്പ അനുവദിച്ച ശേഷം കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടിയും മേൽനോട്ടവും കുടുംബശ്രീ സംഘടനാസംവിധാനം വഴി സ്വീകരിക്കേണ്ടതാണ്.

7. ഗാർഹികോപകരണങ്ങളുടെ ആവശ്യകത എത്രയെന്നും (need assessment) ആ ഉപകരണങ്ങൾ ന്യായവിലയ്ക്ക് കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് അവ നിർമ്മിക്കുന്ന കമ്പനികളുമായി കരാർ ഉണ്ടാക്കുന്നതിനും, നിലവിലുള്ള വായ്പാ ഭാരം കണക്കാക്കി എത്ര തുക കുടുംബശ്രീ അംഗങ്ങൾക്ക് കൂടുതൽ ലഭ്യമാക്കാമെന്നതും സംബന്ധിച്ച് കുടുംബശ്രീ ഡയറക്ടർ വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

8. വായ്പയുടെ കൃത്യമായ തിരിച്ചടവ് ഉറപ്പിക്കുന്നതിനായി കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ പ്രവർത്തനം ശക്തമാക്കേണ്ടതാണ്.

9. വായ്പാ തിരിച്ചടവിൽ മനഃപ്പൂർവ്വമായ വീഴ്ച വരുത്തുന്നവരെ പ്രത്യേകം പട്ടികയിൽപ്പെടുത്തുകയും തുടർന്നുള്ള എല്ലാ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നതാണ്.

10) വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച് ബാങ്ക് കൺസോർഷ്യം/SLBC യുമായി ആവശ്യമായ കൂടിയാലോചന നടത്താൻ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

11) ഇതിനുശേഷം ആവശ്യമെങ്കിൽ ബാങ്കുകൾ/ബാങ്ക് കൺസോർഷ്യം/SLBC യുമായി ഈ പദ്ധതിയ്ക്കുവേണ്ടി കരാറിലേർപ്പെടാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി കുടുംബശ്രീ സംഘടനാസംവിധാനം വഴി നടപ്പിലാക്കാനുള്ള തുടർ ഉത്തരവുകൾ/ സർക്കുലറുകൾ/ നടപടിക്രമങ്ങൾ പുറപ്പെടുവിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വി.എച്ച്.കുര്യൻ

അഡീഷണൽചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ

എല്ലാ ജില്ലാ കളക്ടർമാർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ, തിരുവനന്തപുരം

കൺവീനർ, SLBC

ജനറൽ മാനേജർ, കാനറാ ബാങ്ക്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ്

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

ദുരന്ത നിവാരണ വകുപ്പ്

റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature] A.S.

സെക്ഷൻ ആഫീസർ